Kalary.com
[companionship of Kalari Kurup/Panicker Community residing across the world]
Plot no. 235/2, Sector No. 4-A,
Gandhinagar - Gujarat 382006
Phone no. 09601484166
E-mail_ kalarickalk@gmail.com
http://www.kalary.com

# കളരി ന്യൂസ്

വാർത്താ മാസിക
Newsletter
ഫെബ്രുവരി 2013

മുഖപ്രസംഗം

*"ഗണക സമുദായത്തിലെ ഗണകൻ, കണിശൻ, കണിയാർ പണിക്കർ, കളരിക്കുറുപ്പ്, കളരിപ്പണിക്കർ എന്നിവരിൽ സമുദായത്തിന്റെ കുലത്തൊഴിലായ ജ്യോതിഷം കൈകാര്യം ചെയ്യുന്നവരെക്കൂടി ഈ ക്ഷേമ പദ്ധതിയിലെ അംഗങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു."* 2010 മാർച്ച് 27-ാം തിയതി ബി5-623-2010 എന്ന നമ്പർ പ്രകാരം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലേബർ വെൽഫയർ ഫണ്ട് ബോർഡ്, വഞ്ചിയൂർ , തിരുവനന്തപുരം ക്ഷേമ നിധിയുമായി ബന്ധപ്പെട്ട് ഡോ. പാച്ചല്ലൂർ അശോകൻ, പ്രസിഡന്റ്, കേരള ഗണക സണിശ സഭ, സക്രട്ടറി, ആൾ കേരള ആർട്ടിസ്റ്റ് ഫെഡറേഷൻ, കൊല്ലം എന്നിവർക്ക് എഴുതിയ കത്തിലെ ഒരു പ്രതിപാദനമാണിത്.

ഈ കത്തു പ്രകാരം കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തെ വിദഗ്ധ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ചേർത്തത് ഗണക എന്ന സമുദായത്തിന്റെ കീഴിലാണെന്നും ഡോ. പാച്ചല്ലൂർ അശോകന്റെ നിവേദനങ്ങളേയും അപേക്ഷകളേയും അടിസ്ഥാനമാക്കിയാണെന്നും വരുന്നു. കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിന്റെ അംഗീകൃത സംഘടനകളായ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കെ.കെ.പി.എസ്(രജി), പാലക്കാട് ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള കളരിപണിക്കർ സംഘം (രജീ) എന്നി സംഘടനകൾ ലിഖിതരൂപത്തിൽ നിവേദനങ്ങളും സമരങ്ങളും നടത്തിയിട്ടുണ്ടെന്ന അവകാശവാദങ്ങൾ സർക്കാരിൽ എത്രത്തോളം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്ന് ഈ കത്തിലെ ടി പ്രതിപാദനങ്ങൾ വ്യക്തമാകുന്നു.

ഇവിടെ രണ്ടു കാര്യങ്ങളാണ് പ്രധാനമായി ചർച്ചചെയ്യപ്പെടേണ്ടത്. (1) ഗണക എന്ന ജാതി നാമത്തിനു കീഴിലാണോ കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന നാല്പത്തീരടി കളരി സമ്പ്രദായക്കാർ വരുന്നത്? (2) കളരിക്കുറുപ്പ് കളരിപ്പണിക്കർ ഉൾപ്പെടുന്ന ജനവിഭാഗത്തിന്റെ ആവശ്യങ്ങൾ അംഗീകരിക്കുമ്പോഴും ഈ വിഭാഗത്തെ ഉൾപ്പെടുത്തി പഠന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോഴും എന്തുകൊണ്ടാണ് സർക്കാർ സ്ഥാപനങ്ങളും സർക്കാർ ഏജൻസികളും ഈ വിഭാഗങ്ങളുടെ സംഘടനാ പ്രതിപാദനം വ്യക്തിമായി നടത്താതെ കേരള ഗണക കണിശ സഭയുടെ പ്രസിഡന്റ് ഡോ. പാച്ചല്ലൂർ അശോകന്റെ പേര് മാത്രമാണ് വ്യക്തമായി എടുത്തു കാണിക്കുന്നത്?

കേരളത്തിൽ ഗണക/കണിയാൻ സമുദായ സംഘടനകളിലും കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ സംഘടനകളിലും പ്രാപ്തരായ സംഘടനാ നേതാക്കൾ ഇല്ലായെന്ന് സർക്കാരിന് ബോധ്യപ്പെട്ടതുകൊണ്ടാണൊ? അഥവാ സർക്കാരിൽ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് നൽകുന്ന നിവേദനങ്ങളിലും അപേക്ഷകളിലും സർക്കാർ എടുക്കുന്ന തീരുമാനങ്ങളിൽ സമയാസമയങ്ങളിൽ ഇടപെടുകയും രാഷ്ട്രീയ സ്വാധീനവും ഉപയോഗപ്പെടുത്തി തീരുമാനങ്ങളിൽ ഭേദഗതികൾ വരുത്തുവാൻ മുകൈ എടുക്കുകയും ചെയ്യുന്നതിലാമാണോ ഡോ. പാച്ചല്ലൂർ അശോകന്റെ പേര് മാത്രം മുന്നിൽ നിർത്തുന്നത്? സമുദായ സംഘടനാ നേതാവ് എന്ന നിലയിൽ ഡോ. പാച്ചല്ലൂർ അശോകനെ പ്രശംസിക്കേണ്ടിയിരിക്കുന്നു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ സംഘടനകൾ മാസാമാസങ്ങളിൽ യോഗം കൂടി പ്രമേയങ്ങളും തിരുമാനങ്ങളും പാസ്സാക്കി മിനിറ്റ്സുകൾ കടലാസ്സുകളിൽ ഒതുക്കി നിർത്തുന്നു. യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ പ്രകാരം പലപ്പോഴും നിവേദനങ്ങൾ അപേക്ഷകൾ എന്നിവ തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുന്നുണ്ട്. മറ്റു ചില അവസരങ്ങളിൽ തിരുവനന്തപുരത്ത് പോയി ബന്ധപ്പെട്ട വകുപ്പു അധികാരികളേയും മന്ത്രിമാരേയും കാണുന്നുമുണ്ട്. രാഷ്ട്രീയമായും ഭരണപരമായും വേണ്ടത്ര സ്വാധീനം ചെലുത്തുവാൻ ഈ സംഘടനാ നേതാക്കൾക്ക് കഴിയുന്നുണ്ടോ? വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സർക്കാരിൽ നിവേദനങ്ങൾ സമർപ്പിക്കുമ്പോൾ അവ സമയ ബന്ധിതമായും അവസരോചിതമായും സമർപ്പിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ? നിവേദനങ്ങൾ മർപ്പിച്ചതിനു ശേഷം അവയുടെ തുടർനടപടികൾ എന്തെന്ന് വീക്ഷിക്കാറുണ്ടോ? ഇതെല്ലാം വളരെ അത്യാവശ്യമായ കാര്യങ്ങളാണ്. സംഘടനാ നേതാക്കൾ സ്വയം ഒരു ആത്മപരിശോധന നടത്തുന്നത് എന്തുകൊണ്ടും സമുദായ സംഘടനയുടെ റിസൽട്ട് ഓറിയന്റഡ് പ്രവർത്തനങ്ങൾക്ക് ഗുണകരമായിരിക്കും.

കഴിഞ്ഞ രണ്ടുമൂന്നു നൂറ്റാണ്ടുകളായി മാത്രം ജ്യോതിഷം മുഖ്യ ജീവിതോപാധിയായി കൈകാര്യം ചെയ്തുവരുന്ന ഈ വിഭാഗത്തിന്റെ കുലധർമ്മം എന്തായിരുന്നു? ഈ വിഭാഗത്തിലെ ബുദ്ധി ജീവികളും പ്രമുഖ ജ്യോതിഷ പണ്ഡിതരും സമുദായ പ്രമുഖരും സംഘടനാ നേതാക്കളും കാര്യകാരണ സഹിതം ചർച്ചകൾ നടത്തി വ്യക്തമായ നിഗമനത്തിലെത്തേണ്ടതുണ്ട്. ഈ വിഷയത്തിൽ അംഗീകൃത സംഘടനകൾക്കുള്ള പങ്ക് മുഖ്യമാണ്. അസംഘടിതരായി നിൽക്കുന്ന ഈ ജനവിഭാഗത്തിലെ പ്രമുഖരായുള്ളവരേയും പണ്ഡിന്മാരേയും ചരിത്രകാരന്മാരേയും സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവരേയും ഒരു വേദിയിൽ കൊണ്ടുവന്ന് അർത്ഥപൂർണ്ണമായ ഒരു ചർച്ച നടത്തി സമുദായ പ്രത്യേ വ്യക്തമായ ഒരു ചരിത്ര-സാംസ്കാരിക രൂപരേഖ തയ്യാറാക്കേണ്ടതിന്റെ ആവശ്യകത ഇനിയെങ്കിലും സമുദായ സംഘടകൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഏതൊരു വ്യക്തിയുടേയും വിലാസം അവന്റെ കുടുംബം അഥവാ തറവാടുമായും തറവാട് സമുദായവുമായും ബന്ധപ്പെട്ടുകിടക്കുന്നു. സമുദായ പൈതൃകം സംസ്കാരം എന്നിവ അറിയാത്തവന് സമൂഹത്തിൽ വിലാസം ഇല്ലാത്തവന്റെ അവസ്ഥയിലായിരിക്കും.

ആധുനീക യുഗത്തിൽ ജാതി,മത, സമുദായങ്ങൾക്ക് പ്രസക്തിയില്ലായെന്ന് സമൂഹികമായി സാംസ്കാരീക- രാഷ്ട്രീയ, ഭരണ മേഖലകൾ കൊട്ടിഘോഷിക്കുന്നുണ്ടെങ്കിലും ജാതീയ വിഭാഗീയത ഇന്നും ഏതൊരു മേഖലയിലും പ്രകടമായിത്തന്നെ നിലനിൽക്കുന്നുണ്ട്. ജാതി, മത, സമൂദായികമായ വിഭാഗീയത സമൂഹത്തിൽ നിലനിൽക്കാതിരിക്കണമെങ്കിൽ ജാതി, മത, സമുദായിക വ്യത്യാസങ്ങളും ജാതിയ സംരക്ഷണങ്ങളും സംവരണങ്ങളും ആനൂകൂല്യങ്ങളും സർക്കാർ തലങ്ങളിൽ നിന്നും എടുത്തുമാറ്റേണ്ടിയിരിക്കുന്നു. അതിനു കഴിയാത്തിടത്തോളം കാലം ഈ വിഭാഗീയതും മത്സരങ്ങളും നിലനിൽക്കുമെന്നതിൽ സംശയമില്ല. തിരഞ്ഞെടുപ്പു കാലം അടുത്താൽ അതാതു പ്രദേശങ്ങളിൽ ഏതേതു സമുദായങ്ങളാണ് ഭൂരിപക്ഷത്തിൽ മുന്നിൽ നിൽക്കുന്നത്, ആ സമുദായത്തിന്റെ പ്രതിനിധികളായിരിക്കും സ്ഥാനാർത്ഥികളായി നിർത്തുകയെന്നതു തന്നെ ജാതിയ വിഭാഗീയത രാഷ്ട്രീയ കളരിയിൽ നിലനിൽക്കുന്നുണ്ടെന്നതിനു ഉത്തമ ഉദാഹരണമല്ലേ?

രാഷ്ട്രീയമായും സാമൂഹികമായും സാമൂദായികമായും കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിന്റെ സാംസ്കാരിക ചരിത്രം വ്യക്തമായി സമൂഹമധ്യത്തിൽ ചിത്രീകരിക്കേണ്ടത്, ഉയർത്തിക്കാട്ടേണ്ടത് കാലഘട്ടത്തിന്റേതുകൂടി ആവശ്യമാണ്. സ്വകാര്യ സംഭാഷണവേളകളിലും ചർച്ചകളിലും മാത്രം സംസ്കാരം ഉയർത്തികാട്ടി പറയുന്നതിൽ അർത്ഥമില്ല. ഈ നാല്പത്തീരടി കളരി സംസ്കാരം കളരി സമ്പ്രദായം ആരുടേതാണെന്ന് സമൂഹത്തെ അറിയിക്കേണ്ടത് സമുദായത്തിലെ ഓരോ വ്യക്തിയുടേയും ആവശ്യമാണെന്നുള്ള ബോധം വളർത്തേണ്ടത് സംഘടനകളാണ്. യുവജനങ്ങളിൽ സമുദായ പ്രത്യേ ബഹുമാനവും ആദരവും ആത്മാഭിമാനവും വളർത്തേണ്ടതും സംഘടനകളിലൂടേയായിരിക്കണം.

- എഡിറ്റോറിയൽ

# ജ്യോതിഷ കളരി

കളരിക്കുറുപ്പ് കളരിപ്പണിക്കർ സംഘം മലപ്പുറം ജില്ലായൂണിറ്റിന്റെ അഭിമുഖ്യത്തിൽ പാരമ്പര്യ ജ്യോതിഷം പുത്തൻ തലമുറകളിലൂടെ ജ്യോതിഷത്തിന്റെ ശ്രേഷ്ഠത നിലനിർത്തുവാൻ ഒരു ജ്യോതിഷ കളരി മലപ്പുറം ജില്ലയിൽ വണ്ടിയൂരിനടുത്ത് ചെറുകോട് ദേശത്ത് രൂപമെടുത്തു. എല്ലാ ഞായറാഴ്ചകളിലും നടക്കുന്ന ജ്യോതിഷ പഠന ക്ളാസിലെ ആദ്യ ബാച്ച് 2015ൽ പുറത്തിറങ്ങുമെന്നാണ് സംഘാടകർ പ്രതീക്ഷിക്കുന്നത്.

ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ നിന്നായി പതിനഞ്ചിലധികം പഠിതാക്കളാണ് ആദ്യ ബാച്ചിൽ ജ്യോതിഷം അഭ്യസിക്കുന്നത്. ജ്യോതിഷ സംബന്ധമായ എല്ലാ വിഷയങ്ങളും ഈ കളരിയിൽ അഭ്യസിപ്പിക്കുന്നുണ്ട്. ജ്യോതിഷ സംബന്ധമായ എല്ലാ ഗ്രന്ഥങ്ങളും ലഭ്യമാകുന്ന ഒരു വിപുലമായ ഗ്രന്ഥശാല ഒരുക്കാനുള്ള തയ്യാറെടുപ്പിലാണ് സംഘാടകർ.

ജ്യോതിഷ കളരിയുടെ മുഖ്യാചാര്യൻ ചാത്തങ്ങോട്ടു പുറം സുധാകരൻ പണിക്കരാണ്. ജ്യോതിഷ പണ്ഡിതരായ സർവ്വശ്രീ വള്ളുവങ്ങാട് വിശ്വനാഥൻ പണിക്കർ, ചെറുകര സന്തോഷ് പണിക്കർ, വീതനശ്ശേരി പ്രദീപ് പണിക്കർ, വണ്ടൂർ രാധാകൃഷ്ണ പണിക്കർ എന്നിവർ ജ്യോതിഷ കളരിയിലെ അദ്ധ്യാപകരാണ്.

ജ്യോതിഷ കളരിയുടെ വിലാസം ഇപ്രകാരമാണ്. പ്രിൻസിപ്പാൾ, ജ്യോതിഷ കളരി, ചാത്തങ്ങോട്ടുപുറം, വണ്ടൂർ, മലപ്പുറം ജില്ല ഫോ. 09495291259.

# നേതാക്കന്മാർ

ഏതൊരു രാഷ്ട്രീയ നേതാവിനും അവന്റെ രാഷ്ട്രീയ നിലനിൽപ്പിൽ അവൻ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിന് സ്വാധീനമുണ്ട്. അല്പ സംഖ്യരായ എഴുത്തച്ഛൻ വിഭാഗത്തിൽ നിന്നും രാഷ്ട്രീയ ബാനറിൽ വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ നിന്നും മത്സരിച്ച് ജയിച്ച് എം.എൽ.എ ആവുകയും തുടർന്ന് കേരള സംസ്ഥാനത്തെ ഒരു മന്ത്രിയാവുകയും ചെയ്ത ഒരു വ്യക്തിയാണ് ശ്രീ സി.എൻ. ബാലകൃഷ്ണൻ. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന ജാതി/സമുദായത്തിന്റെ പേരു പറയുന്നതിൽ അദ്ദേഹം ലജ്ജ കാണിക്കുകയൊ സമുദായത്തെ അഥവാ സമുദായ സംഘടനയെ പരിഹസിക്കുകയൊ ചെയ്തിട്ടുള്ളതായി കേട്ടിട്ടില്ല.

തിരുവിതാംകൂർ പ്രദേശത്തെ അല്പ സംഖ്യരായ ഒരു സമുദായമാണ് നാടാർ. പണ്ടുകാലത്ത് ഈ സമുദായം ചാന്നാർ എന്നാണ് അറിയപ്പെട്ടിരുന്നത്. പിൽക്കാലങ്ങളിൽ തിരുവിതാംകൂർ ഈ സമുദായത്തെ നാടാർ എന്ന സമുദായമായി അംഗീകരിച്ചു. ഈ സമുദായത്തിൽ നിന്നും രാഷ്ട്രീയ നേതാക്കന്മാർ ഉയർന്നു വന്നിട്ടുണ്ട്. കേരള നിയമസഭയിൽ നിലവിൽ ഒരു എം.എൽ.എയും ഒടുവിൽ അദ്ദേഹത്തെ ഡപ്യൂട്ടി സ്പീക്കറുമാക്കിയത് നാടാർ സമുദായമല്ല. എന്നിട്ടും നാടാർ സമുദായത്തിന്റെ ഉന്നമനത്തിനും ക്ഷേമത്തിനും സമുദായത്തിന്റെ ഭൗതീക വികസനത്തിനുമായി സമുദായത്തോടൊപ്പം നിൽക്കുന്ന വ്യക്തിയാണ് ആദരണീയനായ ഇദ്ദേഹം.

മുകളിൽ സൂചിപ്പിച്ച രണ്ടു രാഷ്ട്രീയ നേതാക്കളും രാഷ്ട്രീയ രംഗത്ത് ശോഭിച്ചത് അഥവാ രാഷ്ട്രീയ രംഗത്ത് രംഗപ്രവേശനം ചെയ്തതും നിലനിൽക്കുന്നതും അവരവരുടെ സമുദായത്തിന്റെ പേരിലല്ല. എന്നാൽ ഇരുവരും അവരുടെ സമുദായപ്രത്യേ ആദരവും സഹകരണവും പ്രകടിപ്പിക്കുന്നവരാണ്.

കേരളത്തിനകത്ത് വിവിധ മേഖലകളിൽ ഉന്നത സ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നവർ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിലുണ്ട്. എന്നാൽ സമുദായം അഥവാ സമുദായ സംഘടന അവരുടെ വളർച്ചയിൽ സഹായിച്ചില്ലായെന്ന ആരോപണത്തോടെ അവർ സമുദായത്തെ അവഗണിക്കുന്നതായി കാണുന്നു.

# കളരിപ്പണിക്കർ

*"ഈ അകമ്പടിജനം കളരി അഭ്യാസികളും ചേരിക്കല്ലുകളിലെ തറകളിൽ വസിക്കുന്നവരുമാണ്. ഓരോ ദേശത്തും കളരിയും തറക്കാരുമുണ്ട്. അവർ അതാതു കളരിപ്പണിക്കരുടെയും പടനായരുടെയും ചേരിക്കൽ സ്ഥാനികളുടെയും (തലച്ചാന്നോർ) നേതൃത്വത്തിൽ നിയമം കാക്കുന്നവരും, അവശ്യത്തിന് (യുദ്ധവും മറ്റു സന്ദർഭങ്ങളിലും) കൂട്ടംകുറിച്ച് എത്തുന്നവരുമാണ്."* കൊല്ലവർഷം 858 ലെ മാമാങ്കത്തയ്പ്പുയവുമായി ബന്ധപ്പെട്ട മാമാങ്ക രേഖകളിൽ കളരിപ്പണിക്കരെക്കുറിച്ച് ഇത്തരത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. തറക്കൂട്ടങ്ങളിലെ നായർ യോദ്ധാക്കളുടെ ഗുരുസ്ഥാനിയർ കളരിപ്പണിക്കരായിരുന്നുവെന്ന് ഈ പ്രതിപാദനം ചൂണ്ടികാട്ടുന്നു.

ദക്ഷിണ മലബാറിലും ഉത്തര കൊച്ചിരാജ്യത്തിന്റെ പല പ്രദേശങ്ങളിലും നാല്പത്തീരടി കളരികൾക്കുടയോരായ കളരി ആചാര്യന്മാരുടെ പിൻഗാമികൾ കളരി അഭ്യാസവുമായി ബന്ധപ്പെട്ട കളരി മുറ അഭ്യസിക്കുകയും അഭ്യസിപ്പിക്കുകയും ചെയ്തിരുന്നു.

കളരി ഡോട്ട് കോമിന്റെ 2013 ജനുവരി മാസത്തിലെ കളരി ന്യൂസിൽ മാതുർ പണിക്കരെ പരിചയപ്പെടുത്തിയിരുന്നു. കളരി ആചാര്യനും കളരി അഭ്യാസിയുമായ അദ്ദേഹത്തെപ്പോലെ പല കളരി ആചാര്യന്മാരും കഴിഞ്ഞ തലമുറയിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിനുണ്ടായിരുന്നു.

സാമൂതിരി രാജകുടുംബവുമായി ബന്ധപ്പെട്ട ജ്യോതിഷ കാര്യങ്ങൾ നോക്കിയിരുന്നത് ആലൂർ പണിക്കന്മാരായിരുന്നു. ഇവർക്ക് നൽകിയിരുന്ന ദക്ഷിണ മുഹൂർത്ത ദക്ഷിണ എന്ന പേരിൽ രാജരേഖകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

"പൂയത്തിന് തലേദിവസം ചില സുപ്രധാന ചടങ്ങുകളുണ്ട്. അതിലൊന്ന് ആലൂർ കണികളുടെ സാന്നിദ്ധ്യത്തിൽ ദാനവും മുഹൂർത്തവുമാണ്. രണ്ടാമത് തമ്മെ പണിക്കരെ വന്ദിച്ച്, തലേക്കെട്ടും പുടവയും നൽകുന്ന ഗുരുവന്ദനമാണ്. ഇതു രണ്ടും സാമൂതിരിപ്പാട് എത്ര രോഗിയാണെങ്കിലും അനുഷ്ഠിച്ചിരിക്കും."

ഇത് വിരൽ ചൂണ്ടുന്നത് സ്ഥാനി സമ്പ്രദായത്തിൽ പുരുഷാന്തര ക്രമത്തിൽ ആലൂർ കണികൾക്കാണ് കുടുംബ ഗുരുനാഥനായ തമ്മൻ പണിക്കരേക്കാൾ സ്ഥാനമുണ്ടായിരുന്നത് എന്നാണ്.

സാമൂതിരി നിലപാടു നിൽക്കുന്നതിന് മുഹൂർത്തം കുറിച്ചിരുന്നത് ആലൂർ കണികൾ, വള്ളുവങ്ങാട്ടു പട്ടർ എന്നിവരാണ്. "വള്ളുവങ്ങാട്ടു പട്ടർക്ക് 11 പണവും ആലൂർ കണികൾക്ക് 4 പണവും ദക്ഷിണ നൽകി. ഭസ്മം ജപിച്ചുകൊടുത്ത ചെന്നമംഗലത്ത നമ്പൂരിക്ക് 5 പണവും ദക്ഷിണ നൽകി" മാമാങ്ക രേഖകളിൽ മുഹൂർത്ത ദക്ഷിണ ഇത്തരത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ചരിത്ര രേഖകളിൽ ഒളിഞ്ഞു കിടക്കുന്ന ഇത്തരം ചരിത്ര പ്രതിപാദനങ്ങൾ സമുദായത്തിന്റേയും സമൂഹത്തിന്റേയും മുന്നിൽ എടുത്തുകാട്ടി നമ്മൾ ആരിലും പിന്നിലായിരുന്നില്ലായെന്ന് ഘോഷിക്കേണ്ടിയിരിക്കുന്നു.

ഏതൊരു വ്യക്തിയുടേയും ജീവിതത്തിൽ അവൻ പ്രതിനിധാനം ചെയ്യുന്ന സമുദായത്തിന്റെ സ്വാധീനം സാമൂഹികമായും ഉണ്ടായിരിക്കും.

സർക്കാർ തലത്തിൽ ശിപായി മുതൽ ഐ. എ. എസ്. വരെയുള്ള പദവികളിലും മറ്റു സമസ്ത മേഖലകളിലും ക്രൈസ്ത്യാനികൾ സേവനം നൽകുന്നതുകാണാം. കേരളത്തിലെ കൃസ്ത്യാനികളുടെ ചരിത്രം എടുത്തു നോക്കുക. അവർണ്ണ വിഭാഗങ്ങളിൽ ഏറ്റവും താഴെക്കിടയിൽ ഉണ്ടായിരുന്നവരും ഈഴവർ, ചാന്നാർ എന്നിവരും ഈ മതത്തിലേക്ക് സാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽ പരിവർത്തനം ചെയ്തിട്ടുണ്ട്. പിൽക്കാലങ്ങളിൽ ജാതി-മതങ്ങളുടെ കാര്യത്തിൽ കൃസ്ത്യാനികൾ സവർണ്ണരുടെ പദവിയിലേക്ക് ഉയർന്നു. മുഖ്യമായും ഈ ഒരൊറ്റകാരണം കൊണ്ടാണ് ഈ ജനവിഭാഗം സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും രാഷ്ട്രീയമായും ഉന്നത സ്ഥാനങ്ങളിൽ എത്തിയിരിക്കുന്നത്. അപകർഷതാബോധവും മറ്റുള്ളവരെ അഭിമുഖീകരിക്കേണ്ട ബുദ്ധിമുട്ടുകളും പിന്നോക്ക് വിഭാഗങ്ങളെ മുന്നോക്കത്തിലേക്ക് നയിക്കുന്നതിൽ വിഘ്ന ഘടകമായി നിൽക്കുന്നു. അതോടൊപ്പം സമുദായ സംഘടനകൾ സർക്കാരിന്റെ നാമമാത്രമായ ആനുകൂല്യങ്ങൾക്കായി കാത്തുനിൽക്കുകയും ചെയ്യുന്നു.

Kalary.com

# കേരളം എന്ന പൗരാണിക ഭാർഗ്ഗവ ക്ഷേത്രം സവർണ്ണരുടെതൊ?

ബ്രാഹ്മണർ പടച്ചുണ്ടാക്കിയ ഐതീഹ്യങ്ങളും വായ്മൊഴികളും എല്ലാംതന്നെ നുണകളാണെന്ന് ചട്ടമ്പി സ്വാമികൾ അതിരൂക്ഷമായ ഭാഷയിൽ പ്രഖ്യാപിച്ചു. കേരളം പരശുരാമൻ മഴുവെറിഞ്ഞുണ്ടാക്കിയതാണെന്നും ഭാർഗ്ഗവക്ഷേത്രവും മുഴുവൻ ജനങ്ങളും മലയാള ബ്രാഹ്മണർക്ക് അവകാശപ്പെട്ടതാണെന്നുമുള്ള ബ്രാഹ്മണ ഭാഷ്യം സ്വാമികൾ ചോദ്യം ചെയ്തു.

കേരളം നായരുടെ സ്വന്തമാണെന്ന് ചട്ടമ്പി സ്വാമികൾ തന്റെ പ്രാചീന മലയാളം എന്ന ഗ്രന്ഥത്തിൽ പൂർണ്ണമായും അവകാശപ്പെടുന്നു. പൊതുവെ അബ്രാഹ്മണരുടെ ഉയർത്തെഴുന്നേപ്പിന് ചട്ടമ്പി സ്വാമികൾ ആശയങ്ങളുടെ പടച്ച നൽകിയെന്നു പറയുന്നുണ്ട്. എന്നാൽ അദ്ദേഹം അബ്രാഹ്മണർ എന്ന് ഉദ്ദേശിച്ചിരുന്നത് പണ്ടുകാലത്തെ മലയാള ശൂദ്രരിലെ വിവിധ വിഭാഗങ്ങളെയായിരുന്നിരിക്കണം. അദ്ദേഹത്തിന്റെ പ്രാചീന മലയാളം എന്ന ഗ്രന്ഥത്തിൽ ശൂദ്രവിഭാഗങ്ങളെ അല്ലാതെ മറ്റൊരു വിഭാഗത്തേയും ഉയർത്തുന്നതിനായി പറയുന്നതായിതോന്നുന്നില്ല. ബ്രാഹ്മണരെ നിശിതമായി വിമർശിക്കുന്നതായും കാണുന്നുണ്ട്.

ചട്ടമ്പി സ്വാമികൾക്ക് ബ്രാഹ്മണരോട് ഇത്രയും വിരോധം തോന്നുവാൻ കാരണമെന്തായിരുന്നിരിക്കാം? അച്ഛന്റെ സ്നേഹം കിട്ടാതെ, വാത്സല്യം ലഭിക്കാതെ വളർന്ന കുട്ടിയാണ് ചട്ടമ്പി സ്വാമികള്. താമരശ്ശേരി ഇല്ലത്തെ വാസുദേവൻ നമ്പൂതിരിയായിരുന്നു അച്ഛൻ. അമ്മ ഉള്ളൂർക്കോട്ടു വീട്ടിൽ നങ്ങേമ്മപ്പിള്ളയും. ജാതി വ്യവസ്ഥിതി രൂക്ഷമായിരുന്നപ്പോൾ നമ്പൂതിരിക്ക് നായർ സ്ത്രീയിലുണ്ടാകുന്ന കുട്ടികൾക്ക് യാതോരുവിധ മാനുഷീക പരിഗണനകളും അച്ഛൻ നമ്പൂതിരിമാർ നൽകിയിരുന്നില്ല. അച്ഛൻ ആഢ്യ നമ്പൂതിരിയായിരുന്നിട്ടും ചട്ടമ്പി സ്വാമികൾ വളരെ കഷ്ടപ്പെട്ടാണ് വളർന്നത്. ഇതുകൊണ്ടുതന്നെയാണ് ബ്രാഹ്മണരോട് ചട്ടമ്പി സ്വാമികൾക്ക് വെറുപ്പ് തോന്നിയിരുന്നത്.

ചരിത്രം എക്കാലത്തും പ്രബലരായ തൽപരകക്ഷികൾ തങ്ങളുടെ ഇംഗിതത്തിനനുസരിച്ച് വളച്ചൊടിച്ചും കുഴച്ചെടുത്തും തന്റെ ഇഷ്ടാനുസരണം നിർമ്മിക്കുന്ന ഒന്നാണ് ചരിത്രം എന്നു കാണുന്നു. നായന്മാർ ചരിത്രം എഴുതുമ്പോ നായർ ഉയർന്നവരും ജാതി ശ്രേണിയിൽ നായരേക്കാൾ താഴ്ന്നവർ ചവിട്ടിമെതിക്കപ്പെടേണ്ടവരാണെന്നും ചിത്രീകരിക്കുന്നു. ബ്രാഹ്ണർ ചരിത്രമെഴുതുമ്പോൾ നായർ അവരുടെ ഭൃത്യന്മാരും നായരിൽ താഴെയുള്ളവർ നികൃഷ്ടന്മാരുമായി ചിത്രീകരിക്കുന്നു. ഈഴവർ ചരിത്രമെഴുതുമ്പോൾ ഈഴവർ നായരേക്കാൾ ഉയർന്നവരും നായരുടെ ഗുരുസ്ഥാനിയരാണെന്നും അവകാശപ്പെടുത്തുന്നു. അതിന് ഉത്തമ ഉദാഹരണമാണ് സദാശിവൻ ഇംഗ്ളിഷ് ഭാഷയിൽ എഴുതിയ എ സോഷ്യൽ ഹിസ്റ്ററി ഓഫ് ഇന്ത്യ എന്ന ഗ്രന്ഥം. അംഗസംഖ്യയുടെ കാര്യത്തിൽ മുന്നിൽ നിൽക്കുന്ന സമുദായങ്ങളായതിനാൽ ഈ ലിഖിതങ്ങൾ രാഷ്ട്രീയ വൽക്കരണത്തിലൂടെ ചരിത്ര പ്രതിപാദനങ്ങളായി പരിഗണിക്കപ്പെടുന്നു.

നായർക്കും ഈഴവർക്കും ഇടയിൽ സാമൂഹിക സ്ഥാനമുണ്ടായിരുന്ന കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന വിഭാഗക്കാർ ഇതുവരെ സാമൂഹികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു ലേഖനം പോലും സംസ്ഥാന തലത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. സമുദായ മധ്യത്തിൽ സമുദായ അംഗങ്ങളാൽ എഴുതപ്പെട്ട മറ്റൊരു സീത, അറ്റുപായ കണ്ണികൾ, കളരിയും കളരിയധിപരും എന്നി ഗ്രന്ഥങ്ങൾ പ്രചരിപ്പിക്കുവാൻ പോലും സമുദായ പ്രമുഖരൊ അംഗങ്ങളൊ സംഘടനകളൊ സന്നദ്ധരല്ലായെന്ന വസ്തുത സമുദായ പ്രത്യേ സമുദായ അംഗങ്ങൾക്കും സംഘടനകൾക്കുമുള്ള പ്രതിബന്ധത വ്യക്തമാക്കുന്നു. മുതലക്കണ്ണീർ വാർക്കുന്ന സംഘടനാ നേതാക്കളുടെ പൊള്ളയായ ആത്മാർത്ഥത കാണുമ്പോൾ, സഹതാപം തോന്നാറുണ്ട്.

# ജാതി ശ്രേണിയിലെ ശൂദ്രരെ കൂടാതെ പഞ്ചമരിലെ പതിതരും

ചാതുർവർണ്യ വ്യവസ്ഥയിൽ ബ്രാഹ്മണർ, വൈശ്യർ, ക്ഷത്രീയർ, ശൂദ്രർ എന്നിവരാണ് ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ ഉൾപ്പെടുത്താത്ത വിഭാഗങ്ങളെ പഞ്ചമന്മാർ എന്നു വിളിച്ചു പോന്നു. പഞ്ചമരിൽ കായിക അദ്ധ്വാന ജോലി ചെയ്തുവന്നരേയും പാരമ്പര്യ ജോലി ചെയ്തുവന്നിരുന്നവരേയും പിന്നോക്കരിൽ പിന്നോക്കരായി വളരെ താഴെ നിർത്തി. കേരളക്കരയിൽ നായർ ഹിന്ദു വിഭാഗത്തിന്റെ ഏറ്റവും താഴെത്തട്ടിൽ ഉണ്ടായിരുന്നവരായിരുന്നു. പഞ്ചമർക്ക് ഹിന്ദുക്കളുടെ അടുത്ത് ചെല്ലാൻ പാടില്ല, അവരുടെ ക്ഷേത്രങ്ങളിലും വീടുകളിലും വഴിയിലും പ്രവേശിക്കുവാൻ അനുവാദമുണ്ടായിരുന്നില്ല. ഈഴവർ അത്തരത്തിൽ അംഗസംഖ്യയിൽ പ്രബലമായ ഒരു വിഭാഗമായിരുന്നു. ഇവരെ തീണ്ടൽ ജാതിക്കാരായി കരുതി ഹിന്ദുമതത്തിൽ നിന്നും അകറ്റി നിർത്തി. ഇവർക്ക് നായർ വിഭാഗമായി നേരിട്ട് ബന്ധമുണ്ടായിരുന്നില്ല. തിയ്യപ്പാടകലം എന്ന തീണ്ടപ്പാടകം ഇക്കൂട്ടർ കർശനമായി പാലിക്കണമായിരുന്നു.

ചാതുർവർണ്യത്തിനു പുറത്ത് പിന്നോക്ക വിഭാഗങ്ങളും ദളിത് വിഭാഗങ്ങളും ഉണ്ടായിരുന്നു. ദളിത് വിഭാഗങ്ങളെ അപേക്ഷിച്ച് പിന്നോക്ക വിഭാഗങ്ങളിലെ ചില വിഭാഗങ്ങൾക്ക് അവർ ചെയ്തുവന്നിരുന്ന തൊഴിലിനെ അടിസ്ഥാനമാക്കി ചാതുർവണ്യത്തിലെ അവസാനത്തെ വർണ്ണമായ ശൂദ്രർ അതായത് കേരളത്തിലെ നായന്മാർ ചില പരിഗണനകൾ നൽകിയിരുന്നു. വീടുപണി നടത്തിയിരുന്ന ആശാരിമാർ മുഹൂർത്തം നോക്കിയിരുന്ന കണിയാന്മാർ, നായരെ ആയോധന വിദ്യ പരിശീലിപ്പിച്ചിരുന്ന കളരിക്കുറുപ്പ് കളരിപ്പണിക്കന്മാർ എന്നിവർ ഈ വിഭാഗങ്ങളിൽപ്പെടുന്നു. ഇതിൽ ജ്യോതിഷം കൈകാര്യം ചെയ്തുവന്നിരുന്ന കണിയാനേയും കളരിക്കുറുപ്പ്-കളരിപ്പണിക്കരേയും ബ്രാഹ്മണർ മത്സരാർത്ഥികളായി കണ്ടിരുന്നുവെങ്കിലും പലപ്പോഴും സൗഹൃദം നടിച്ചിരുന്നു. അതിന് ഉദാഹരണമായി ഉത്തര കേരളത്തിലെ കുക്കണിയാർ എന്ന ജ്യോതിഷ പണ്ഡിതനും അദ്ദേഹത്തിന്റെ വേദാംഗ ജ്യോതിഷ ഗുരുനാഥനുമായ ബ്രാഹ്ണനും, മധ്യകേരളത്തിലെ അവണങ്ങാട് കളരിയിലെ പൂർവ്വീകരായ സഹോദരന്മാരും ഗുരുനാഥനായ മ്പൂതിരിയും മറ്റും അതിന് ഉദാഹരണങ്ങളായി ചൂണ്ടികാട്ടാം.

കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിന്റെ ഏതൊരു കളരിയെടുത്താലും ആ കളരിയിൽ ഒരു ബ്രഹ്മണ ബന്ധമുള്ളതായി കാണാം. കാക്കശ്ശേരി കളരിയിൽ കാക്കശ്ശേരി ഭട്ടത്തിരിയും പാറപ്പുറം കളരിയിൽ പാറപ്പുറത്ത് മയിലെ നമ്പൂതിരിയും പ്രത്യക്ഷത്തിൽ കാണാവുന്നതാണ്. ലേഖകന്റെ കളരിയായ അകപ്പറമ്പു കളരിയിൽ നമ്പൂതിരിയച്ഛന്റെ സമാധിയും സങ്കല്പ പീഠവും പൂജയും നടന്നുവരുന്നുണ്ട്.

കേരള ചരിത്രത്തിലെ നരവംശം അഥവാ ഫോൾക്ക് ലോർ പഠനം നിഷ്പക്ഷമായി ഇതുവരെ ആരും തന്നെ നടത്തിയിട്ടില്ല. ബ്രാഹ്മണൻ, നായർ , ഈഴവർ എന്നി വിഭാഗക്കാർ ചരിത്രമെഴുതുമ്പോൾ അവരവരുടെ വിഭാഗങ്ങളെ ശ്രേഷ്ഠരായി ഉയർത്തി കാട്ടി ചരിത്രമെഴുതുന്നതായിട്ടാണ് കാണുന്നത്. കേരളത്തിലെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്ന നാടൻ പാട്ടുകളിലെ പ്രതിപാദനങ്ങളും വിശ്വാസങ്ങളും നൂറ്റാണ്ടുകളായി ആചരിച്ചു വരുന്ന ആചാരാനുഷ്ഠനങ്ങളും ഗഹനമായി പഠിച്ചു വിശകലനം ചെയ്തും ഫോൾക്ക് ലോർ തയ്യാറാക്കിയാൽ മാത്രമേ വിശ്വസനിയമായ ഒരു ഭൂതകാലം നമുക്ക് രേഖപ്പെടുത്തുവാൻ കഴിയുകയൊള്ളു.

മധ്യകാലം മുതൽ കേരളത്തിൽ നാല്പത്തീരടി കളരിയും കളരി സംസ്കാരവുമായി ബന്ധപ്പെട്ട് വസിച്ചു വരുന്ന ഒരു ജനവിഭാഗമാണ് കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന ജനവിഭാഗം. ജ്യോതിഷം ഈ വിഭാഗം ഉപതൊഴിലായി കൈകാര്യം ചെയ്തുവന്നിരുന്നുവെന്നതും മധ്യകേരളത്തിൽ കണിയാൻ മധ്യകാലം മുതൽ വസിച്ചിരുന്നില്ലായെന്നതും ഈ വിഭാഗം കണിയാൻ എന്ന പ്രാചീന കാലവിതാന ഗണിത ശാസ്ത്ര വിഭാഗത്തിന്റെ പിൻഗാമികളാണെന്ന പരാമർശങ്ങൾക്ക് ആക്കം കൂട്ടുന്നു. കേരളത്തിൽ മധ്യകാലത്തിനു ശേഷം ആയുധവുമായി ബന്ധപ്പെട്ടു വസിച്ചിരുന്ന ഒരു വിഭാഗമാണ് വിൽക്കുറുപ്പ്. വിൽക്കുറുപ്പിന്റെ ചില പ്രദേശങ്ങളിൽ കളരിക്കുറുപ്പ് എന്നും സംബോധന ചെയ്യുന്നുണ്ട്. എന്നാൽ ഈ വിഭാഗം ജ്യോതിഷവുമായി ബന്ധപ്പെട്ടിരുന്നില്ല.

# ശ്രുതിലയ പുരസ്കാരം കലാധരപ്പണിക്കർക്ക്

പയ്യന്നൂർ കണ്ണാടി ഭാഗവതർ സ്മാരക സംഗീത അക്കാദമി ശ്രുതിലയയുടെ 21-ാമത് ശ്രുതിലയ പുരസ്കാരം മുബൈയിലെ കല്യാൺ നിവാസിയായ കലാധരണപ്പണിക്കർക്ക് ഗാന രചയിതാവ് എന്ന നിലയിൽ ലഭിച്ചു.

സംഗീത കുലപതി ശ്രീ വി. ദക്ഷിണാമൂർത്തി സ്വാമികളുടെ നവതി ആഘോഷം ശ്രീ മുല്ലപ്പള്ളി രാമചന്ദ്രൻ, ബഹു. കേന്ദ്ര അഭ്യന്തര സഹമന്ത്രി 31-12-2012ൽ ഉദ്ഘാടനം ചെയ്തു.

2012 ഡിസംബർ 31-ാം തിയതി വൈകുന്നേരം 5.30ന് പഞ്ചവാദ്യമേളത്തിൻെറ അകമ്പടിയോടെ വി. ദക്ഷിണാമൂർത്തി സ്വാമിയെ ശ്രുതിലയയിൽ നിന്നും ഗാന്ധി പാർക്കിലേക്ക് ആനയിച്ചു.

കേരളത്തിലെ പയ്യന്നൂർ ദേശത്തെ ഗാന്ധിപാർക്കിൽവെച്ചു നടന്ന വർണ്ണ ശബളമായ ചടങ്ങിൽ പ്രശസ്ത സംഗീതജ്ഞൻ കൈതപ്രം വിശ്വനാഥൻ നമ്പൂതിരി സദസ്സിന് സ്വഗതം ആശംസിച്ചു. കെ.വി. സരേന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. ശ്രീമതി കെ.വി. ലളിത, ചെയർപേഴ്സൺ പയ്യന്നൂർ സഗരസഭ ഉപഹാരസമർപ്പണം നടത്തി.

കെ. സുധാകരൻ എം. പി. കലാധപര പണിക്കർക്ക് പുരസ്കാരം നൽകി ആദരിച്ചു. പയ്യന്നൂർ നഗരസഭ ചെയർപേഴ്സൺ ശ്രിമതി കെ.വി. ലളിത ഉപഹാരസമർപ്പണം നിർവ്വഹിച്ചു.

സംഗീത കുലപതി ദക്ഷിണാ മൂർത്തി, സിനിമാ താരം ഉണ്ണി ക്കൃഷ്ണൻ നമ്പൂതിരി എന്നിവർക്കും വിവിധ പുരസ്കാരങ്ങൾ പ്രസ്തുത ചടങ്ങിൽ നൽകി ആദരിച്ചു. വിവിധ മേഖലകളിലേയും സിമിനാ രംഗത്തേയും പ്രവർത്തകരുടെ സാന്നിദ്ധ്യം സദസ്സിന് ഊഷ്മളമായ അനുഭവമാണ് നൽകിയത്.





കലാധരപണിക്കരും സംഗീതകുലപതി ദക്ഷിണാ മൂർത്തിയും ഒരു സ്വകാര്യ സംഭഷണ വേളയിൽ

കലാ-സാംസ്കാരിക, സാമൂഹിക -സാമൂദായിക മേഖലകളിൽ പ്രവർത്തിക്കുന്ന അർഹരായ സമുദായ അംഗങ്ങളേയും മറ്റു മേഖലകളിൽ പ്രവർത്തിക്കുന്ന വ്യക്തികളേയും പ്രമുഖരേയും പ്രശംസിക്കണ്ടേതും അംഗീകരിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും ആവശ്യമാണ്. ആ വ്യക്തികളുടെ വളർച്ചയോടൊപ്പം സമുദായത്തിൻെറ സാംസ്കാരികമായ വളർച്ചയിൽ അവരുടെ സഹായം ലഭ്യമാക്കുവാനും പങ്കാളിത്തം ഉറപ്പുവരുത്തുവാനും സഹായകമായിരിക്കും. അതിലുപരി പരസ്പര വിശ്വാസം കെട്ടിപ്പടുക്കുവാൻ കഴിയും.

- കളരി ഡോട്ട് കോം

## കേരള കലോത്സവത്തിൽ കളരിപ്പണിക്കരുടെ സാന്നിദ്ധ്യം



53rd KERALA SCHOOL KALOLSAVAM 2012-2013

(Organised by the Department of General Education, Kerala State)

Certificate

Name : GOPIKA. T.K

Class : 10

School : K. H. M. H. S. Alathiyur

District : Malappuram

Item : Katharachana

Category : HS Sanskrit

Grade : A

Malappuram 29.01.2013

General Convener

Director Vocational Higher Secondary Education

Director Higher Secondary Education

Director of Public Instruction Kerala State

*(റിപ്പോർട്ട് : മനോജ് പണിക്കർ, ദേശമംഗലം)*

മലപ്പുറം, 2013 : മലപ്പുറത്തുവെച്ച് നടന്ന ഈ വർഷത്തെ കേരള സംസ്ഥാന കലോത്സവത്തിൽ കുമാരി ടി.കെ. ഗോപിക സംസ്കൃത ഭാഷയിൽ നടന്ന കഥാ രചന മത്സരത്തിൽ "എ ഗ്രെയ്ഡ്" കരസ്ഥമാക്കി.

കെ.എച്ച്. എം. എച്ച്. എസ്സിലെ 10-ാം ക്ളാസ് വിദ്യാർത്ഥിനിയായ ഗോപിക പഠിക്കുന്നതിൽ മിടുക്കിയാണ്. അദ്ധ്യാപകരുടേയും സഹപാഠികളുടേയും പ്രോത്സാഹനം ഈ കുട്ടിയുടെ വിജയത്തുനു പിന്നിൽ സഹായകമാകുന്നുണ്ട്.

ആലത്തിയൂർ തലൂക്കര കളരിക്കൽ ഗോപിപ്പണിക്കരുടേയും സരസ്വതിയുടേയും പുത്രിയാണ് ഗോപിക.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗമെന്ന നിലയിൽ ഈ കുട്ടിയെ അനുമോദിക്കേണ്ട ഉത്തരവാദിത്തം സമുദായത്തിനും സമുദായ സംഘടനകൾക്കുമുണ്ട്.

കളരി ഡോട്ട് കോം കുട്ടിയേയും കുട്ടിയുടെ മാതാപിതാക്കളേയും അഭിനന്ദിക്കുന്നു.

Kalary.com

# കേരള ചരിത്രം : കളരിയും കലാരൂപങ്ങളും



***കേരള ചരിത്രം : കളരിയും കലാരൂപങ്ങളും*** എന്ന ശീർഷകത്തിൽ മുകുന്ദൻ കുറുപ്പ് എഴുതിയ ഫോക്ക് ലോർ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ജന സംസ്കാര പുസ്തകം 2013 ഫെബ്രുവരി 4-ാം തിയതി കേരള സംസ്ഥാന സർക്കാർ പ്രകാശനം ചെയ്യുന്നു.

കേരള സർക്കാരിൻെറ സാംസ്കാരിക വകുപ്പ് തിരുവനന്തപുരം കനകക്കുന്ന് പാലസ് ഗ്രൗണ്ടിൽ 2013 ജാനുവരി 28-ാം തിയതി മുതൽ ഫെബ്രുവരി 5-ാം തിയതിവരെ അന്തർദേശീയ പുസ്തക മേള സംഘടിപ്പിച്ചിട്ടുണ്ട്. ഈ അന്തർദേശീയ പുസ്തക മേളയിൽ മറ്റു ചില പ്രശസ്തരുടെ വിശിഷ്ട പുസ്തകങ്ങളോടൊപ്പം ഫെബ്രുവരി 4-ാം തിയതിയിൽ കേരള ചരിത്രം : കളരിയും കലാരൂപങ്ങളും എന്ന ഗ്രന്ഥവും പ്രകാശനം ചെയ്ത് പ്രദർശിപ്പിക്കുന്നുണ്ട്.

കേരള സംസ്ഥാന സർക്കാരിൻെറ സാംസ്കാരിക വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. അന്തർ ദേശീയ പുസ്തക മേളയിൽ ഫോക്ക് ലോർ വിഭാഗത്തിൽ ഉൾപ്പെടുത്തി ഈ പുസ്തകം പ്രദർശിപ്പുക്കുന്നുവെന്ന് സംസ്ഥാപനത്തിൻെറ അധികാരികൾ അറിയു.

ഈ ചരിത്ര സാംസ്കാരിക ഗ്രന്ഥത്തിന് അനുയോജ്യമായ അവതാരിക എഴുതി നൽകിയത് മുൻ സംസ്ഥാന ഫോക്ക് ലോർ അക്കാദമി ചെയർമാനും, ചരിത്രകാരനും , എഴുത്തുകാരനുമായ ഡോ. എം.വി. വിഷ്ണു നമ്പൂതിരി, കണ്ണൂരാണ്. പണ്ഡിതനായ ഇദ്ദേഹത്തിൻെറ കരസ്പർശനം ഒരു അനുഗ്രഹമായി ഗ്രന്ഥകാരൻ കരുതുന്നു.

ഈ ഗ്രന്ഥ രചനക്ക് ആവശ്യമായ ചരിത്രാന്വേഷണത്തിനും വിശകലനത്തിനും പഠനത്തിനും കൂടെ നിന്നിരുന്ന വ്യക്തിയാണ് രവി പാറപ്പുറത്ത്. ഗ്രന്ഥത്തിൻെറ നാമകരണത്തിനുപോലും ഇദ്ദേഹത്തിൻെറ അഭിപ്രായമുണ്ടായിരുന്നു. കളരിക്കുറുപ്പ് കളരിപ്പണിക്കരുടെയും കണിയാൻ വിഭാഗത്തിൻേറയും വൈരുദ്ധ്യങ്ങളായ സാംസ്കാരിക ചരിത്ര രേഖപ്പെടുത്തലിൽ രവി പാറപ്പുറത്തിൻെറ സംഭാവന എടുത്തു പറയേണ്ടതുണ്ട്. പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് സഹായിച്ച മുഖ്യ വ്യക്തിയാണ് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ബി. സുഗീത. പുസ്തക രചനയിൽ ഒട്ടനവധി വ്യക്തികളെ ഓർക്കുവാനുണ്ട്.

ഒമ്പത് അദ്ധ്യായങ്ങളുള്ള ഈ പുസ്തകത്തിൽ പ്രാചീന ജനവിഭാഗങ്ങൾ, ജാതി വിഭജനം കേരളത്തിൽ, ആദിമ കലാരൂപങ്ങളുടെ ആവിർഭാവം, ദ്രാവിഡ ദൈവസങ്കല്പവും കാവുകളും എന്നി വിഷയങ്ങളിലൂടെ കടന്ന് കേരളത്തിൽ മധ്യകാലത്തിനു ശേഷം സ്ഥാപിക്കപ്പെട്ട കളരികളുടെയും കളരികളിൽ അഭ്യസിപ്പിച്ചിരുന്ന ആയുധവിദ്യ, മർമ്മ വിദ്യ, മെയ്വഴക്കം, ദ്വന്ദയുദ്ധ തന്ത്രങ്ങൾ എന്നിവക്കു പുറമെ പരിശീലിപ്പിച്ചിരുന്ന കലാരൂപങ്ങളും ആദ്യത്തെ അഞ്ച് അദ്ധ്യായങ്ങളിൽ വിശദീകരിക്കുന്നു. ആറാമത്തെ അദ്ധ്യായത്തിൽ കളരിക്കുറുപ്പ് കളരിപ്പണിക്കരുടെ കളരി സമ്പ്രദായം, കളരി സംസ്കാരം, ആരാധനാ മൂർത്തികൾ, ആചാരാനുഷ്ഠാങ്ങൾ എന്നിവ വരമൊഴിയിലൂടെ ചിത്രീകരിച്ചിട്ടുണ്ട്. സമുദായ മധ്യത്തിൽ നിലനിൽക്കുന്ന ഐതീഹ്യങ്ങളെക്കുറിച്ചും വിശ്വാസങ്ങളെക്കുറിച്ചും വിശദമായി പഠിച്ച് വിശകലനം ചെയ്ത് വിവിധ ചരിത്ര ഗ്രന്ഥങ്ങളിൽ ഒളിഞ്ഞു കിടക്കുന്ന സാംസ്കാരിക പ്രതിപാദനങ്ങളെ ചൂണ്ടികാട്ടിയും ഉദ്ധരിച്ചും പലതും സാധൂകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്.

അദ്ധ്യായം ഏഴിൽ കണിയാന്മാരും കലാപാരമ്പര്യവും എന്ന ശീർഷകത്തിൽ ഗ്രഹങ്ങളുടെ ഗതിവിതാന ശാസ്ത്രം, കാലഗണിതം, ഗണിത ശാസ്ത്രം, ശകുനം, നിമിത്തങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി പ്രവചനങ്ങൾ നടത്തിയിരുന്ന അറിവോർ , ഗ്രാമീണരുടെ ദൈനംദിന ജീവിതത്തിൽ സ്വാധീനിച്ചിരുന്ന, പരമ്പരാഗത വൈദ്യ സേവനം ഉപതൊഴിലായും കൈകാര്യം ചെയ്തുവന്നിരുന്ന ബുദ്ധിവികസിതരായ കണിയാൻ/ഗണക വിഭാഗത്തിൻെറ ജന ജീവിതം, ജന സംസ്കാരം, ജ്യോതിഷ പാരമ്പര്യം, ആചാരങ്ങൾ എന്നിവ വിശദീകരിക്കുന്നു. സംസ്കൃതം തെന്നിന്ത്യയിലേക്ക് കടന്നു വന്നതിനെ തുടർന്ന് വേദാംഗ ജ്യോതിഷവും പ്രാചീന കാലഗണിത പ്രവചനവും ഗണിത രീതിയും സമന്വയിപ്പിച്ച് കേരളത്തിൻെറ തനതായ ജ്യോതിഷ പ്രവചന ശൈലി തയ്യാറാക്കിയ കണിയാൻെറ ജനജീവിതം, സംസ്കാരം എന്നിവയും രേഖപ്പെടുത്തിയിട്ടുണ്ട്.

അദ്ധ്യായം 8-ൽ എഴുതപ്പെടാത്ത നരവംശ ചരിത്രം എന്ന ശീർഷകത്തിൽ കേരളത്തിൽ ബ്രാഹ്മണ മേധാവിത്തത്തിനു കീഴിൽ എഴുതപ്പെട്ട ചരിത്രങ്ങളെല്ലാം തന്നെ എഴുതിക്കപ്പെട്ടവയാണെന്ന് വിദേശിയരായ എഴുത്തുകാരുടെ ചരിത്ര പ്രതിപാദനങ്ങൾ എടുത്തുകാട്ടിയും ചൂണ്ടികാട്ടിയും തദ്ദേശ ബ്രാഹ്മണ എഴുത്തുകാരുടേയും സവർണ്ണ വിഭാഗങ്ങളുടേയും ചരിത്ര വാക്കുകൾ ഉദ്ധരിച്ചും സാധൂകരിക്കുവാൻ ശ്രമിച്ചിട്ടുണ്ട്. കേരള ജനതയെക്കുറിച്ച് ചരിത്രകാരന്മാർ മനപ്പൂർവ്വം എഴുതാതെ വിട്ടുകളഞ്ഞ, അവഗണിച്ച ചരിത്ര പ്രതിപാദനങ്ങളെ അന്വേഷിച്ചുള്ള ഗ്രന്ഥകാരൻെറ തിരച്ചിലിൽ ലഭ്യമായ ചരിത്ര-സാംസ്കാരിക വിവരങ്ങളും വിവരണങ്ങളും ജാതി-സമുദായങ്ങൾക്കിടയിലെ വിവാദപരങ്ങളായ അവകാശവാദങ്ങളും ചരിത്ര പ്രതിപാദനങ്ങളോടെ വായനക്കാരുടെ മുന്നിൽ വ്യക്തമാക്കുന്നുണ്ട്. ഒടുവിലെ അദ്ധ്യായം 9-ൽ മുൻ അദ്ധ്യായങ്ങളുടെ രത്നചുരുക്കമാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

ആലുവ പുഴക്കു വടക്കും കോരപ്പുഴക്കു തെക്കുമുള്ള പാലക്കാട് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ മധ്യകാലത്തിനു ശേഷം നാല്പത്തീരടി കളരികൾ കെട്ടിയും പൗരാണിക പരശുരാമൻ കെട്ടിയ കളരികൾക്കുടയോരായും 1804വരെ കളരി ആയോധന വിദ്യയും മെയ് വഴക്കവും യുദ്ധ കലയും പരിശീലിപ്പിച്ചിരുന്ന കളരിക്കുറുപ്പ് കളരിപ്പണിക്കർ എന്ന നാല്പത്തീരടി കളരി സമ്പ്രദായക്കാരുടെ ആധികാരികമായ ഒരു സാംസ്കാരിക ചരിത്ര ഗ്രന്ഥമായി ഈ ഗ്രന്ഥത്തെ കാണാവുന്നതാണ്.

ഉത്തര-അത്യുത്തര കേരളത്തിലും ദക്ഷിണ കേരളത്തിലും വസിക്കുന്ന കണിയാൻ, കണിയാർ പണിക്കർ, ഗണകൻ എന്ന പേരുകളിൽ അറിയപ്പെടുന്ന പ്രാചീന കാലം മുതൽ കാലവിതാന ഗണിത ശാസ്ത്രവും പിൽക്കാലങ്ങളിൽ വേദാംഗ ജ്യോതിഷവും സമന്വയിപ്പിച്ച് കേരളത്തിൻെറ തനതായ ജ്യോതിഷ ശൈലി രൂപപ്പെടുത്തി, വളർത്തിയെടുത്ത ജനവിഭാഗത്തിൻെറ പൂർണ്ണ സാംസ്കാരിക ചരിത്രം ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൻെറ ആധികാരിക ഗ്രന്ഥമായി ഈ പുസ്തകത്തെ പരിഗണിക്കാം.

ഒരു സംസ്കാരത്തെ ഇല്ലാതാക്കുവാനുള്ള എളുപ്പവഴി അതിൻെറ ചരിത്രം ഇല്ലാതാക്കുക അഥവാ രേഖപ്പെടുത്താതിരിക്കുക അല്ലെങ്കിൽ അവഗണിക്കുക എന്നതാണ്. ഈ തത്വമാണ് സവർണ്ണർ കളരി സംസ്കാരം, കളരി സമ്പ്രദായക്കാരുടെ ജനജിവിതം, എന്നിവയെക്കുറിച്ചുള്ള ചരിത്ര പ്രതിപാദനങ്ങളിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തെ ഒഴിച്ചു നിർത്തിയിരുന്നതെന്നു കരുതേണ്ടിയിരിക്കുന്നു. അതോടൊപ്പം ജ്യോതിഷ വിഭാഗമായ കണിയാനെ എവിടെയെല്ലാം പ്രതിപാദിച്ചിട്ടുണ്ടോ അവിടെയെല്ലാം പരിഹാസ പാത്രങ്ങളായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ഉദാഹരണത്തിന് കാണിപ്പയ്യൂർ ശങ്കര നമ്പൂതിരിയുടെ ആര്യന്മാരുടെ കുടിയേറ്റം, എസ്.എൻ. സദാശിവൻെറ എ സോഷ്യൽ ഹിസ്റ്ററി ഓഫ് ഇന്ത്യ എന്നിങ്ങനെയുള്ള ഗ്രന്ഥങ്ങൾ അതിനായി ചൂണ്ടികാട്ടാം.

മറ്റൊരു സീത (ജ്യോതിഷ വാചസ്പതി രാമകൃഷ്ണ പണിക്കർ), അറ്റുപോയ കണ്ണികൾ(പ്രൊഫ.കെ.കെ. ഭാസ്കരൻ) കളരിയും കളരിയധിപരും(മുകുന്ദൻ കുറുപ്പ്) എന്നി പുസ്തകങ്ങൾ കളരിപണിക്കരുടെ സാംസ്കാരിക ചരിത്രത്തിലേക്കുള്ള ആദ്യപടികളായി കണക്കാക്കാം. കേരളത്തിലെ കണിയാൻ/ഗണക വിഭാഗത്തെക്കുറിച്ചുള്ള ആദ്യ ഗ്രന്ഥമായി എം.എൻ. വാസുഗണകൻെറ ഗോചരൻെറ ശൈവ സംസ്കാര പൈതൃകം എന്ന ഗ്രന്ഥവും പരിഗണിക്കേണ്ടിയിരിക്കുന്നു. അവഗണിക്കപ്പെട്ട സമുദായങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ മുഖവിലക്കെടുക്കാത്ത ഒരു അവസ്ഥയാണ് സമുദായത്തിൽ കണ്ടുവരുന്നത്. സമുദായത്തിൻെറ സാംസ്കാരിക പൈതൃകം യുവതലമുറയിലേക്കും വരുംതലമുറയിലേക്കും പകർന്നുകൊടുക്കേണ്ടത് മുതിർന്നവരാണ് എന്ന ബോധം നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു.

Kalary.com

തിരുത്തൽ

## വിദ്വാൻ രാമകൃഷ്ണ പണിക്കർ, പെരിങ്ങാട്



തൃശ്ശൂർ ജില്ലയിൽ തിരുനെല്ലൂർ പെരിങ്ങാട് ദേശത്ത് പെരിങ്ങാട് കിഴക്കൂട്ട് കളരിക്കൽ അപ്പുപ്പണിക്കരുടേയും മാധവിക്കുട്ടി പണിക്കത്യാരുടേയും മകനായി 1931 ആഗസ്റ്റ് 12 ന് ജനനം. പിതാവിൽ നിന്നും അക്ഷര വിദ്യയും ജ്യോതിഷ ശാസ്ത്രവും പഠിച്ച്, പാവർട്ടി സാഹിത്യദീപിക സംസ്കൃത കോളേജിൽ നിന്നും സംസ്കൃതം പഠിച്ചു. തുടർന്ന് 1957ൽ മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും സംസ്കൃതം വിദ്വാൻ പരീക്ഷയിൽ വിജയിച്ചു.

1957 മുതൽ 1987 വരെ ബി.ഇ.എം. ഹൈസ്ക്കൂളിൽ സംസ്കൃതം- മലയാളം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 1988 മുതൽ ഗുരുവായൂർ കിഴക്കേ നടയിൽ ശ്രീ കൃഷ്ണ ജ്യോതിഷ വിദ്യാനിധാനം എന്ന ജ്യോതിഷ പഠന കേന്ദ്രം നടത്തി വരുന്നു.

ജാതക ഗണിതകല, മുഹൂർത്ത സംഗ്രഹം, ജാതകാദേശം,ജ്യോതിശ്ശാസ്ത്രമുഖം, ദാമ്പത്യാന്വയം എന്ന ഗ്രന്ഥങ്ങൾ ഡി.സി. ബുക്ക്സും ഹോരാശാസ്ത്രം, പ്രശ്നമാർഗ്ഗം ഭാഷാ സംഗ്രഹം എന്നീ ഗ്രന്ഥങ്ങൾ മാതൃഭൂമിയും പ്രസിദ്ധീകരിച്ചു. ഇദ്ദേഹത്തിൻെറ ഈ ജ്യോതിഷ ഗ്രന്ഥങ്ങൾ ഇന്ന് ജ്യോതിഷ വിദ്യാർത്ഥികളും ജ്യോത്സ്യന്മാരും പാഠ്യപുസ്തകമായി അഥവാ റഫറൻസ് ബുക്കുകളായി ഉപയോഗിച്ചുവരുന്നു.

എം.കെ. കമലാക്ഷി ഭാര്യയും ശ്രീ ലത, ശ്രീദേവ്, ശ്രീജിത്, ശ്രീദത് എന്നിവർ മക്കളുമാണ്.

കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിലെ പ്രഗത്ഭരും പണ്ഡിതരുമായ വ്യക്തികളേയും കലാ-സാംസ്കാരീക രംഗങ്ങളിൽ ശോഭിക്കുന്ന വ്യക്തികളേയും സമുദായവും സംഘടനകളും കണ്ടില്ലെന്നു നടിക്കുന്നതായി പലപ്പോഴും അനുഭവപ്പെട്ടിട്ടുണ്ട്.

കളരി പണിക്കർ വെൽഫയർ സംഘം കോയമ്പത്തൂർ ഇദ്ദേഹം ജ്യോതിശ്ശാസ്ത്രത്തിന് നൽകിയ സംഭാവനകളെ കണക്കിലെടുത്ത് 2010ൽ പൊന്നാടയണിയിച്ച് ആദരിച്ചു.

ജ്യോതിശ്ശാസ്ത്ര പണ്ഡിതനായ ഇദ്ദേഹത്തെ കളരി ഡോട്ട് കോം ആശംസിക്കുന്നു. ഇദ്ദേഹത്തിന് ആയുർ-ആരോഗ്യ സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നു. (ഫോൺ.0487-264108) - കളരി ഡോട്ട് കോം

## ആദരണീയനായ കളരി ആചാര്യൻ പള്ളിക്കര വേളയാട്ട് കളരിക്കൽ മാതുണ്ണി പണിക്കർ

മലപ്പുറം ജില്ലയിലെ വേളയട് കളരിക്കൽ മാതുണ്ണി പണിക്കർ കളരിപ്പയറ്റിലും ഉറുമി പയറ്റിലും അതീവ പ്രഗത്ഭനായിരുന്നു. വി. കെ.എം. കളരി എന്ന പേരിൽ ഒരു കളരി ആയോധന പരിശീലന കേന്ദ്രം അദ്ദേഹം നടത്തിയിരുന്നു. ദക്ഷിണ മലപ്പുറത്തേയും ഉത്തര തൃശ്ശൂർ ഭാഗത്തേയും അറിയപ്പെട്ട ഒരു കളരി ഗുരുവായിരുന്നു ഇദ്ദേഹം. ഇദ്ദേഹത്തിൻെറ കളരിയിൽ നിന്നും കളരി പരിശീലിച്ച അനവധി ശിഷ്യന്മാരുണ്ട്.



കേരള സംസ്ഥാന സർക്കാർ മഹാചാര്യപട്ടം നൽകി ഇദ്ദേഹത്തെ ആദരിച്ചിട്ടുണ്ട്.

കളരി ഡോട്ട് കോം ഈ അതുല്യ പ്രതിഭയെ, കളരി ആചാര്യനെ , കളരി ഗുരുനാഥനെ നമിക്കുന്നു.

## ആശംസകൾ

കേരള ചരിത്രം: കളരിയും കലാരൂപങ്ങളും എന്ന ശീർഷകത്തിൽ അകപ്പറമ്പു കളരിക്കൽ മുകുന്ദൻ കുറുപ്പ് എഴുതിയ സാംസ്കാരകി ചരിത്ര പുസ്തക പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട വിവരം കഴിഞ്ഞ കുറച്ചു മാസങ്ങളിൽ കളരി ഡോട്ട് കോമിൻെറ ന്യൂസ് ലെറ്ററിലൂടെ പ്രസിദ്ധീകരിച്ചു വരുകയുണ്ടായി.

പ്രസ്തുത പുസ്തകത്തിൽ കണിയാൻ, കണിയാർ പണിക്കർ, ഗണകൻ എന്നി പേരുകളിൽ അറിയപ്പെടുന്ന പ്രാചീന ജ്യോതിഷ വിഭാഗത്തിൻെറ ആധികാരികമായ സാംസ്കാരിക ചരിത്രവും നാല്പത്തീരടി കളരിക്കുടയോരായ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗത്തിൻെറ സാംസ്കാരിക ചരിത്രവും ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന വിവരം വായിക്കാനിടവന്ന ഈ വിഭാഗങ്ങളുടെ ചില സംഘടനകൾ ലിഖിതരൂപത്തിൽ ആശംസകൾ നൽകി.

കേരളത്തിൽ ജ്യോതിഷം കൈകാര്യം ചെയ്തുവരുന്ന കണിയാൻ, ഗണകൻ, കണിശു എന്നി വിഭാഗക്കാരേയും മധ്യകേരളത്തിലെ കളരിക്കുറുപ്പ് കളരിപ്പണിക്കർ വിഭാഗക്കാരേയും പ്രതിനിധാനം ചെയ്യുന്ന കേരളാ ഗണക കണിശ സഭ എന്ന സംഘടനയുടെ തൃശ്ശൂർ ജില്ലാ സെക്രട്ടറി ശ്രീ മനോജ് കെ. പണിക്കർ, ദക്ഷിണ കേരളത്തിലെ കേരള ഗണക സമുദായ സഭയുടെ ജന. സെക്രട്ടറി ശ്രീ. എം.എസ് മോഹനൻ എന്നിവർ മുകളിൽ സൂചിപ്പിച്ച ജനവിഭാഗങ്ങളുടെ സാംസ്കാരിക ചരിത്രം രേഖപ്പെടുത്തിയ പുസ്തകത്തിനും പുസ്ത രചിതാവിനും ആശംസകളും അഭിനന്ദനങ്ങളും നേർന്നു കൊണ്ടുള്ള കത്തുകൾ നൽകി.

ഈ പുസ്തകം ഒരു വിഭാഗത്തിൻെറ മാത്രമായി അംഗീകരിക്കുന്നതു ശരിയല്ല. വിവിധ അദ്ധ്യായങ്ങളിൽ വിവിദ്ധ സമുദായങ്ങളുടെ ചരിത്രം വിശദമായി വിവരിക്കുന്നുണ്ട്.

- മുകുന്ദൻ കുറുപ്പ്

**CONGRATULATIONS!**

**I am very happy to know that your 3rd book, Kerala History : Kalariyum Kalaroopangalum' is going to release on 4th February at Kanaka kunnu palace ground, Trivandrum by the Kerala Language Institute, Trivandrum.**

**Mukundanji, Hope you remember that I wrote about you in 2002, in KKPWS – Mumbai Address book, that you are a man in hundredth in our Community. But now I am saying that you are a man of Thousandth.**

**We KKPWS not only from Mumbai but from all over the world are very grateful to you to publish such a precious book. Nowadays we are living without any identity. And our community people is vanishing by getting inter-cast marriage. Some people don't like to say that we are belonging from Kalari-Panicker Kalari-Kurup community. In fact, we are very sympathetic, sorrowful, confused, scared, selfish kind of people. That's why we are not identified in the society.**

**Thanks a lot for giving us an identity in the society by writing books about what is Kalari Panicker Kalari Kurup. And once again we are all grateful to you.**

**A very special thanks to Dr. M.V. Vishnu Namboodri, Mr. Ravi Parappurath and Dr. B. Sugeetha for helping you from beginning to end the release of this Kerala History – Kalarium Kalaroopangalum book.**

**Regards**

**Kamalnath, Mumbai**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 4-2-2013ൽപ്രസിദ്ധീകരിക്കുന്ന മുകുന്ദൻ കുറുപ്പിൻെറ **കേരള ചരിത്രം : കളരിയും കലാരൂപങ്ങളും** എന്ന ഗ്രന്ഥം കേരളത്തിലെ പ്രമുഖ പുസ്തകശാലകളിലും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൻെറ പുസ്തക വിതരണ ശാലകളിലും ലഭ്യമായിരിക്കും.
ഗ്രന്ഥകർത്താവ്

Kalary.com

## സാഹിത്യ അക്കാദമിയിൽ അഴിച്ചു പണി

സാംസ്കാരിക വകുപ്പിൻെറ കീഴിൽ 2012 ഒക്ടോബർ 30, 31, നവംബർ 1 എന്നി തിയതികളിൽ സാംസ്കാരിക വകുപ്പ് നടത്തിയ വിശ്വമലയാള സമ്മേളനത്തെ തുടർന്ന് സാഹിത്യ അക്കാദമിയിൽ സർക്കാർ അഴിച്ചു പണി നടത്തി.



അക്കാദമി പ്രസിഡൻറ് പെരുംമ്പടം ശ്രീധരനെയും സെക്രട്ടറി ആർ. ഗോപാലകൃഷ്ണനേയും അവരുടെ സ്ഥാനങ്ങളിൽ നിലനിർത്തിക്കൊണ്ട് ബാലചന്ദ്രൻ വടക്കേടത്തിനെ അക്കാദമിയുടെ വൈസ് പ്രസിഡൻറ് സ്ഥാനത്തു നിന്നും നീക്കം ചെയ്തു. തൽസ്ഥാനത്തേക്ക് എഴുത്തുകാരൻ അക്ബർ കക്കട്ടിലിനെ നിയമിച്ചു. ബാലചന്ദ്രനോടൊപ്പം മൂന്നു കൗസിൽ അംഗങ്ങളേയും നീക്കം ചെയ്തിട്ടുണ്ട്.

വിശ്വമലയാള സമ്മേളനത്തിൽ ബാലചന്ദ്രൻ വടക്കേടത്തും കൂട്ടരും സഹകരിച്ചില്ലന്നും മാധ്യമങ്ങളിൽ സമ്മേളത്തിനും സംഘാടകർക്കുമെതിരെ പരസ്യമായി പ്രതികരിച്ചുവെന്നും സർക്കാർ കേന്ദ്രങ്ങൾ ചൂണ്ടികാട്ടുന്നു. അക്കാദമിയുടെ മുഖ്യ സ്ഥാനത്തിരുന്നുകൊണ്ട് ആ സ്ഥാപനത്തെ അപകീർത്തിപ്പെടുത്തുന്ന രീതിയിലുള്ള പ്രതികരണങ്ങൾ സ്ഥാപനത്തേയും സ്ഥാപനത്തിൻെറ പ്രവർത്തനങ്ങളേയും സാരമായി ബന്ധിക്കുമെന്നുള്ളതാണ് സർക്കാരിൻെറ സൂചന.

വിശ്വമലയാള സമ്മേളനത്തിൻെറ അപാകതകൾ അന്വേഷിക്കാൻ സാംസ്കാരിക വകുപ്പ് പ്രിസിപ്പൽ സെക്രട്ടറി സാജൻ പീറ്ററെ വകുപ്പു മന്ത്രി ചുമതലപ്പെടുത്തി. അപാകതകളെക്കുറിച്ചും ബാലചന്ദ്രൻെറ പ്രതികരണങ്ങളെക്കുറിച്ചും അന്വേഷിച്ച സർക്കാർ പ്രതിനിധിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് സാംസ്കാരിക മന്ത്രി ബാലചന്ദ്രൻ വടക്കേടത്തിനു അദ്ദേഹത്തോടൊപ്പം നിന്നിരുന്നവർക്കുമെതിരെ നടപടികൾ സ്വീകരിച്ചത് എന്നാണ് സർക്കാർ കേന്ദ്രങ്ങൾ വ്യക്തമാക്കുന്നത്.

അക്കാദമിയിലെ ചില പ്രമുഖ അംഗങ്ങൾ സമ്മേളനത്തെ പരസ്യമായി അവഹേളിക്കുവാൻ ശ്രമിച്ചതും നിർവ്വാഹ സമിതിയിലേയും കൗൺസിലിലേയും ചില അംഗങ്ങളുടെ നിസ്സഹകരണവുമാണ് സമ്മേളത്തിലെ പ്രശ്നങ്ങൾക്ക് കരണമായതെന്ന് സെക്രട്ടറിയുടെ റിപ്പോർട്ടിൽ ചൂണ്ടികാണിക്കുന്നു.

## സമുദായ സംഘടനകളും കൂട്ടായ്മകളും പ്രതികരിച്ചു

കേരള സാഹിത്യ അക്കാദമിയുടെ വൈസ് പ്രസിഡൻറ് സ്ഥാനത്തു നിന്നും ബാലചന്ദ്രൻ വടക്കേടത്തിനെ നീക്കം ചെയ്തിതിൽ കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ സംഘടനകളും കൂട്ടായ്മകളും വ്യക്തിപരമായി സമുദായ അംഗങ്ങളും നിശിതമായി വിമർശിക്കുകയും പ്രതികരിക്കുകയും ചെയ്തു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായ അംഗങ്ങളുടെ ആഗോള കൂട്ടായ്മയായ കളരി ഡോട്ട് കോം കേരള സാംസ്കാരിക മന്ത്രിയുടെ ഏകപക്ഷിയമായ നീതിയുക്തമല്ലാത്ത ഈ നടപടിയെ അപലപിക്കുകയും മുഖ്യമന്ത്രിക്കും വകുപ്പു മന്ത്രിക്കും കത്തെഴുതി സമുദായ അംഗങ്ങളുടെ നാമത്തിൽ കൂട്ടായ്മ പ്രതിഷേധിക്കുകയും പ്രതികരിക്കുകയും ചെയ്തു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിൻെറ തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന മാതൃ സംഘടനയായ കെ.കെ.പി.എസ് (രജി) ജാനുവരി 6-ാം തിയതി സംഘടനാ പ്രതിനിധികളുടെ പ്രത്യേക യോഗം കൂടി ബാലചന്ദ്രനെതിരെ വകുപ്പു മന്ത്രി എടുത്ത നീതിയുക്തമല്ലാത്ത നടപടിക്കെതിരെ പ്രമേയം പാസ്സാക്കി ബന്ധപ്പെട്ട സർക്കാർ സ്ഥാപനങ്ങളിൽ സംഘടനയുടെ പ്രതിഷേധവും പ്രതികരണവും അറിയിച്ചു.

കളരിക്കുറുപ്പ് കളരിപ്പണിക്കർ സമുദായത്തിൻെറ പരസ്പര സഹകരണത്തിനുള്ള പുതിയ ഒരു കവാടം തുറന്നതായി ഈ പ്രതികരണത്തെ വിശേഷിപ്പിക്കാം. സമുദായ അംഗം ആവശ്യപ്പെടട്ടെ ആവശ്യപ്പെടാതിരിക്കട്ടെ സമുദായ അംഗത്തെ അന്യായമായി പുറത്തു നിന്നും ആരു എതിർത്താലും പ്രഥമ ദൃഷ്ടിയിൽ സംഘടനയും സമുദായ അംഗങ്ങളും കൂട്ടായി നിന്ന് പ്രതികരിക്കേണ്ടതാണെന്ന് കെ.കെ.പി.എസ്സിൻേറയും കളരി ഡോട്ട് കോമിൻേറയും ഈ പ്രവർത്തികൾ വ്യക്തമാക്കുന്നു.

കെ.കെ.പി.എസ്സിൻെറ കൂട്ടായ ഈ പ്രതികരണത്തേയും പ്രതികരിക്കാനുള്ള തീരുമാനത്തേയും ആത്മാർത്ഥമായി പ്രശംസിക്കുകയാണ് സമുദായ അംഗങ്ങൾ ചെയ്യേണ്ടത്. കെ.കെ.പി.എസ്സിൻെറ ഈ പ്രവർത്തിയെ കളരി ഡോട്ട് കോം പ്രവർത്തകർ ആത്മാർത്ഥമായി പ്രശംസിക്കുന്നു. ഭാവിയിലും വ്യക്തിപരമായ അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും സമുദായ മധ്യത്തിൽ പരസ്പരം സഹകരിച്ചും സ്നേഹിച്ചും പ്രവർത്തിക്കുവാൻ സംഘടനാ അനുയായികളേയും പ്രവർത്തകരേയും സംഘടനയുടെ ഈ തീരുമാനം പ്രചോദനമാകട്ടെ.

## ജ്യോതിഷ ഗ്രന്ഥം പ്രസിദ്ധീകരിച്ചു

പടുമണ്ണ കളരിക്കൽ ബാലകൃഷ്ണൻ പണിക്കരുടെ ജ്യോതിഷ മണിപ്രവാളം എന്ന ജ്യോതിഷ പുസ്തകം പ്രസിദ്ധീകരിച്ചു.




ജ്യോതിഷ ബാലപാഠങ്ങൾ ഉൾപ്പെടുത്തി ,ഗണിതകാര്യങ്ങൾക്ക് ഉപകാര പ്രദമായതരത്തിൽ തയ്യാറാക്കിയ ജ്യോതിഷ മണിപ്രവാളം എന്ന ജ്യോതിഷ ഗ്രന്ഥം കേരള ജ്യോതിഷ പരിഷത്തിൻെറ പ്രകാശിനി പബ്ലിക്കേഷൻ പ്രസിദ്ധീകരിച്ചു. ഈ ജ്യോതിഷ ഗ്രന്ഥം ജ്യോതിഷ പഠിതാക്കൾക്ക് ഒരു മുതൽ ക്കൂട്ടായിരിക്കും.

ജ്യോതിഷ പണ്ഡിതനായ പടുമണ്ണ കള രിക്കൽ ബാലകൃഷ്ണ പണിക്കർ അമൂല്യങ്ങളായ ജ്യോതിഷ ഗ്രന്ഥങ്ങൾ അപഗ്രന്ഥിച്ചും പഠിച്ചും ജ്യോതി ശാസ്ത്ര മുക്തകങ്ങളെ സർഗ്ഗത്മകമായും മനോഹരമായും കോർത്തിണക്കി, സരളമായ ഭാഷയിൽ തയ്യാറാക്കിയ ഒരു ഗ്രന്ഥമാണിത്.

ജ്യോതിഷികൾക്കും ജ്യോതിഷ പഠിതാക്കൾക്കും ആർഷപാരമ്പര്യത്തിലേക്കും ജ്യോതിഷ ഗവേഷണത്തിലേക്കും നിസങ്കോചം കടന്നു ചെല്ലുവാൻ ഉതകുന്ന ഒരു അപൂർവ്വ ജ്യോതിഷ ഗ്രന്ഥമാണിതെന്ന് പുസ്തകാഭിപ്രായത്തിൽ ജ്യോതിഷ പണ്ഡിതർ അഭിപ്രായപ്പെടുന്നു.

ഗ്രന്ഥകാരൻ ബാലകൃഷ്ണൻ പണിക്കർ ജ്യോതിഷ പണ്ഡിതനും ജ്യോതിഷ പരിഷത്ത് ജ്യോതിഷ വിദ്യാലയത്തിലെ അദ്ധ്യാപകനുമാണ്.

ജ്യോതിഷ പണ്ഡിതനായ ഈ ഗ്രന്ഥകാരന് ശാസ്ത്രീയ വിശകലന ഗ്രന്ഥങ്ങൾ രചിക്കുവാൻ ഇനിയും കഴിയട്ടെയെന്ന് കളരി ഡോട്ട് കോം ആശംസിക്കുന്നു.



***ബാലകൃഷ്ണൻ പണിക്കർ***
പടുമണ്ണ കളരിക്കൽ വീട്
ഷൊർണ്ണൂർ, പാലക്കാട് ജില്ല, കേരളം
മൊ. 09447443298

*(റിപ്പോർട്ട് : മനോജ് പണിക്കർ, ദേശമംഗലം)*

Kalary.com

കവിത

# വിശ്വശില്പി

*മലയുടെ മുകളിൽ ദൂരത്തൊരു പൊൻ*
*ദീപമുയർത്തിയതാര്?*
*മലയടിവാരത്തമരുംതരുനിര*
*തഴുകിയുണർത്തിയതാര്?*

*മലരുകൾ ചൂടിയ മഞ്ഞല മുഴുവൻ*
*പുല്കിയെടുത്തവനാര്?*
*കുരുവിക്കൂട്ടം പാടിയപാട്ടിന്*
*ശീലു കൊടുത്തവനാര്?*

*സ്വപ്നം കണ്ടു മയങ്ങും പുലരിയെ*
*തട്ടിവിളിച്ചവനാര്?*
*തളരും ജീവനു നവ ചൈതന്യം*
*വാരി വിളമ്പിയതാര്?*

*ആരാണെന്നോ പറയാം വിശ്വം*
*വിരിച്ചീടിന ശില്പി*
*അവനെകൂപ്പി വണങ്ങും നമ്മൾ-*
*ക്കെന്നും നന്മവിളയും.*

**കളരിക്കൽ വിജയൻ**
കോലത്തു കളരിക്കൽ, എറവ് പി.ഓ. തൃശ്ശൂർ 680 620
മൊ. 09495551435

കലാ-സാഹിത്യ, സാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന നമ്മുടെ സമുദായ അംഗങ്ങളെ പ്രശംസിക്കേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടുതും നമ്മുടെ സാംസ്കാരിക വളർച്ചക്കുതന്നെ അഭികാമ്യമാണ്. മാന്യ വായനക്കാർ കവികളേയും എഴുത്തുകാരേയും വിളിച്ച് നിങ്ങളുടെ വിലയേറിയ അഭിപ്രായം അറിയിക്കുക.- കളരി ഡോട്ട് കോം

കവിത

# ഗുരുവായൂരമ്പലം

ഗുരുവായൂരമ്പലം ഭൂലോകവൈകുണ്ഠം
അവിടെ വിളങ്ങുന്ന ശ്രീകൃഷ്ണവിഗ്രഹം
ഒരുദിന മൊരുനേര മൊരുനോക്കു കാണുകിൽ
ഒരു കോടി പുണ്യം സഫലമാകും

ഭയഭക്തികൊണ്ടെൻെറ ഹൃദയം വിടർത്തുന്ന
നറുപുക്കളർപ്പിച്ചു പൂജചെയ്യാം
തിരുനാമ മന്ത്രങ്ങൾ പാടിപ്പുകഴ്ത്തിടാൻ
മമനാവിലെന്നും വിലസീടണേ....

തവഭക്തി ഗാനങ്ങൾ കേൾക്കുമ്പോഴെന്നുടെ
ശ്രവണത്തിൽ മാധുര്യം നിലനിൽക്കണേ
നറുവെണ്ണയുണ്ണുമ്പോൾ പൊഴിയുന്ന പൂഞ്ചിരി
മനതാരിൽ മായാതെ പതിയേണമേ

എവിടെയാണങ്കിലും എന്തുഞാൻ ചെയ്കിലും
തടവി തലോടുവാൻ കൂടെ വേണം
നിൻ കൃപക്കായി ഞാൻ കേഴുന്നു രാപകൽ
നിപാദതാരിൽ ഞാൻ കുമ്പിടുന്നേൻ



*എ.കെ.എസ്. ആതവനാട്*
*മൊ. 09846327540*

## : A REQUEST:

There were some discussions recently, especially by our youngsters, about the coalition with like-minded communities in the state who were almost uniform in our basic profession. Some of us aired their opinions loudly; others kept mum… To have a coalition with anybody with a common minimum program is a trend in politics the world over. The important hurdle in such arrangements is the questions:

(1) What are the objectives the partners do fix with in such a mechanism?
(2) Will it be achievable by such a partnership?

This is a difficult scenario because of its complicated nature. The only common factor between the southern, northern and the central communities is that, from certain period of time, all of them were practicing Vedic Astrology for their livelihood. Apart from this, there were not much commonness in their social inclinations, acceptance by other communities and their living styles. (I have written about this dilemma and absurdity in a previous article published in the same portal a few days ago).

But everything change as the time pass. Some of us perceive that the time has come to have a closer partnership with others for the betterment of all; some others believe that the time is not yet ripe for this coalition and many of us approach this question passively, as usual. But, before taking any crucial first step decision, should we not take our own stock? Should we not try to assess where do we stand? Should we not understand what are we up to?

As a member of the community, I strongly believe that we have to...

We do not know our actual strength! We do not have any authentic census of our community so far! We are not aware how many professionals are there in our community. We do not know the percentage of our matriculates, undergraduates, graduates, technicians, technocrats, astrologers, farmers, teachers, Government employees, businessmen, overseas members, girls, boys, ladies and gentlemen. We are 100 % literate in its true sense. Arguably, there are no other communities in our country who can claim such a dignity! But how many of us are educated out of the sphere of Astrology? All these are crucial questions which demand their answers.

In my opinion, our immediate requirement is to know this statistics. Then only will we come to know where we stand and what we are upto! Recently, a team of our community members tried to harness our Kalari statistics and indeed we almost succeeded in that effort. Around 350 Kalaries were already listed by the ardent effort of the team. It is so far so good! But we have to move forward…

Our next action should be to tabulate the entire population of these individual Kalaries, one by one. Every page is to be dedicated to one particular Kalari with the details of the names, male and female, their ages, educational qualifications, professional skills, categories etc. This could be used as a virtual e-reference once when completed. I know this is a herculean task. But I also know that this could be done should we unite in this effort whole-heartedly. Youngsters like dedicated and smart youngsters are at our service if we can co-operate each other.

Nobody in our community - not any faction - has so far done any visible effort for this process. Let us start to do it without any factionalism and prejudice. We need the opinion of all the educated young men and women of our fold. Please come out…let us start… Let us not waste our time through useless factional arguments….

All the very best…may God bless us all.

Purushothaman Kalarikal., U.A.E

**Published by Kalary.com**
Reporter : Ramachandran Kalarickal, Trichur (09249308894), Proof reading :Smt. Ajitha M.,Gandhinagar
Editors: Shri Anilkumar K.V, Mumbai (09322290222), Shri K.Kamalnathan,Mumbai(09867092926), Shri Ravi Parappurath,Coimbatore(09443595794)
Chief Editor : Mukundan Kurup,Gujarat ( 09601484166), Email(News letter) :- kurups.kalaries@yahoo.in